# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 182 — 18.03.2013-ൽ മറുപടിയ്ക്ക്

### അർബൻ ഫോറസ്ട്രി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>,, ഷാഫി പറമ്പിൽ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഐ. സി. ബാലകൃഷ്ണൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. അർബൻ ഫോറസ്ട്രിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ കളമശ്ശേരി ന്യൂവാൽസ് (NUALS) കോളേജ് അങ്കണം, കിൻഫ്രാ അങ്കണം, ബ്ലാക്ക്ബെറി അങ്കണം, കളമശ്ശേരി അലുമിനി അങ്കണം എന്നീ സ്ഥലങ്ങളിൽ ഇതിനോടകം വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിൽ വെള്ളയമ്പലം മുതൽ ശാസ്തമംഗലം വരെയുള്ള റോഡരുകിൽ കണ്ടെയ്നർ പ്ലാന്റിംഗ് വഴി വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം എന്നീ നഗരങ്ങൾക്കു പുറമെ മറ്റ് സ്ഥലങ്ങളിലും അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബി) നഗര പ്രദേശങ്ങളിലെ അധിക താപനം കുറയ്ക്കുക, വായുമലിനീകരണ തോത് കുറയ്ക്കുക നഗര യാത്രികർക്ക് തണൽ ലഭ്യമാക്കുക നഗരം ഹരിതാഭമാക്കുക എന്നിവയാണ് അർബൻ ഫോറസ്ട്രിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| സി) പ്രസ്തുത പദ്ധതിയിൽ നഗരങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | സി) പ്രധാനമായും വൃക്ഷവൽക്കരണമാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ | എൻ.എച്ച്. അതോറിറ്റി ഓഫ് ഇൻഡ്യ, നഗരസഭകൾ,റസിഡൻഷ്യൽ |

| | | |
|---|---|---|
| | ദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | അസോസിയേഷനുകൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഇ) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ? | ഇ) ടി സ്ഥാപനങ്ങളുടെ സഹരണത്തോടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ